# TRUE LIGHT AND LIFE

METRO CHURCH OF GOD PALARIVATTOM PRIVATE CIRCULATION



# TIKVAH


## HOPE

Issue No. 15

January 2024.

Happy New Year

2024







## TRUE LIGHT & LIFE TEAM

MANAGING EDITOR & PUBLISHER:
PR. BIJU JACOB
METRO CHURCH OF GOD, PALARIVATTAM, KOCHI

ADVISORY BOARD:
BR. MELVIN VERGHESE

CHIEF EDITOR :
SR. PRABHA JOHN

ASSOCIATE EDITORS:
BR. JOMON ZACHARIA
SR. LATHA SAJEEV

LAYOUT AND DESIGN:
BR. BLESSAN JOSEPH

## CONTENT

(PAGE NO)

| | |
|---|---|
| F0REWORD | 03 |
| EDITORS LETTER | 04 |
| HOPE | 05 |
| SET YOUR FOOTPRINTS RIGHT | 06 |
| പിന്തുടരുവാൻ പറ്റിയ കാല്പാദങ്ങൾ | 07 |
| നൽ കിരണം | 08 |
| Character Sketch - ശിംശോൻ | 09 |
| പ്രത്യാശ എന്ന വിളക്കുമാടം | 10 |
| പദ പ്രശ്നം 3 QUESTION | 11 |
| പദ പ്രശ്നം 2 ANSWER | 12 |
| സ്നേഹം | 12 |
| THANK YOU | 13 |

**മനുഷ്യരെ മുന്നോട്ടു ജീവിക്കാൻ പ്രേരിപ്പിക്കുന്ന ഒരു പ്രേരകാശക്തിയാണ് പ്രതീക്ഷ അഥവാ പ്രത്യാശ. നാളെയെക്കുറിച്ചുള്ള ശുഭപ്രതീക്ഷകളില്ലെങ്കിൽ ജീവിതം നിരാശ നിറഞ്ഞതായിരിക്കും. ജീവിതം നശിപ്പിക്കുവാൻ ഒരാൾ തീരുമാനിക്കുന്നത് പ്രതീക്ഷകൾ അറ്റുപോകുമ്പോഴാണ്.**

# FOREWORD

പ്രശ്നസങ്കീർണ്ണമായ ലോകത്തു, പ്രതീക്ഷകളാണ് ഓരോ ദിവസവും നമ്മെ ജീവിക്കാൻ പ്രേരിപ്പിക്കുന്നത്. പ്രതീക്ഷകൾ അറ്റുപോകുമ്പോൾ ജീവിതം അവസാനിപ്പിക്കുന്നവർ അനേകരാണ്. ധനത്തിലും ജോലിയിലും മക്കളിലും പ്രതീക്ഷ വച്ചിട്ട്, സകലവും നഷ്ടപ്പെട്ടു, നിരാശപ്പെട്ടുപോകുന്നവർ നമുക്ക് ചുറ്റുപാടും ഉണ്ട്.

എന്നാൽ ദൈവത്തിൽ പ്രതീക്ഷ വച്ചിരിക്കുന്നവർ ഒരിക്കലും ലജ്ജിച്ചു പോകുന്നില്ല.

ഒരു പുതു വർഷത്തിലേക്ക് പ്രവേശിക്കുന്ന എല്ലാവർക്കും ദൈവത്താലുള്ള ശുഭ പ്രതീക്ഷകൾ ആശംസിക്കുന്നു



*Pr. Biju Jacob*

# EDITOR'S NOTE

അനവധി പ്രതീക്ഷകളുമായി ജീവിക്കുന്നവരാണ് മനുഷ്യർ. അവന്റെ ജീവിതത്തെ മുന്നോട്ടു നയിക്കുന്ന ചക്രങ്ങളാണ് പ്രതീക്ഷകൾ. അവ അസ്തമിക്കുന്നിടത്തു ജീവിതം നിശ്ചലമാകുന്നു. ഈ വർഷം നേടാൻ കഴിയാത്ത കാര്യങ്ങൾ അടുത്ത വർഷം നേടിയെടുക്കണമെന്നുള്ള ആഗ്രഹത്തോടെയാണ് ഓരോ വർഷത്തെയും നാം വരവേൽക്കുന്നത്. പുതിയൊരു വർഷത്തിലേക്ക് നാം പ്രവേശിക്കാൻ പോകുന്നു. തിരിഞ്ഞു നോക്കുമ്പോൾ ചിലതൊക്കെ നേടിയെടുക്കാനും വിജയിക്കാനും കഴിഞ്ഞിരിക്കാം. ചിലപ്പോൾ മറിച്ചായിരിക്കാം. എങ്കിലും പ്രതീക്ഷകൾ കൈവിടരുത്.

പ്രതീക്ഷ ലോകം തരുമ്പോൾ , പ്രത്യാശ നൽകുന്നത് ക്രിസ്തുവാണ്. പ്രതീക്ഷകൾ തകരുമ്പോൾ ക്രിസ്തുവിൽ പ്രത്യാശയുള്ളവർ നിരാശപ്പെടേണ്ടിവരികയില്ല. കാരണം " യേശുക്രിസ്തു ഇന്നും എന്നേക്കും അനന്യൻ ആകുന്നു." ക്രിസ്തുവിലുള്ള ഈ പ്രത്യാശ നമ്മെ മുന്നോട്ടു നയിക്കും
'പ്രതീക്ഷകൾ അസ്തമിച്ചാലും ക്രിസ്തുവിലുള്ള പ്രത്യാശ നാൾക്കുനാൾ വർദ്ധിച്ചുവരട്ടെ"
ഏവർക്കും പ്രത്യാശനിറഞ്ഞ ഒരു പുതുവർഷം ആശംസിക്കുന്നു.

*Prabha John*

# Hope





Sis. Krupa Melvin

What is hope in secular meaning it is the strength of person's desire but when we talk in biblical language it says it is the confident expectation of what God has promised and its strength is in His faithfulness. The word hope is sometimes misunderstood. In our day to day life the word often has a hint of uncertainty. Why is hope important to God? Hope is the eyes of faith in that it not only sees the promise, but it is also the hands of faith that clings to the expectation of the promise and never releases it no matter what is seen. "Now faith is the substance of things hoped for and the evidence of things not seen" (Hebrews 11:1)

According to positive psychologist Charles Snyder's theory, hopeful thinking is made up of three key elements: Goals – Thinking in a goal-oriented way. Pathways – Finding different ways to achieve your goals. Agency – Believing that you can instigate change. Where you can find hope in the bible? Bible verses are Jeremiah 29:11For I know the thoughts that I think toward you, says the Lord, thoughts of peace and not of evil, to give you a future and a hope. Romans 15:13 Now may the God of hope fill you with all joy and peace in believing, that you may abound in hope by the power of the Holy Spirit.

Hope is the most powerful word which can strengthen your emotional health and happiness, augment your stress reduction skills, and amplify your ability to achieve goals. Even research indicates that hope can promote confidence, empowerment, and resilience. The power of hope is that it increases the sense of meaning in life and identification and realization of goals and dreams even in the midst of adversity.

Because hope is a better predictor of success than intelligence. Hope reduces feelings of helplessness, increases happiness, reduces stress, and improves our quality of life. The Christian hope is hope in God in Jesus Christ. The confident affirmation that God is faithful, that He will complete what He has begun. The question arise Is hope a grace of God? You now live in hope because Christ's death and resurrection has given you hope.

This hope you have is a precious gift of God. Your living hope rests securely on God's grace. Hope is a reality to be recognized, not an attitude to be cultivated. Hope is the gift in the bible. Now may our Lord Jesus Christ Himself, and our God and Father, who has loved us and given us everlasting consolation and good hope by grace. (II Thessalonians 2:16.) Nevertheless God, who comforts the downcast (II Corinthians 7:6) We were given this hope when we were saved (Romans 8:24) As Peter says that We have a living hope (1 Peter 1:3). This living hope will never end and sustains us as we endure suffering.

And here we can see the life of Abraham and Sarah .Abraham was ninety-nine years old, and Sarah's not getting any younger. And God says to Abraham, "You're going to be the father of many nations," meaning, "There's going to be offspring that's going to come from you." So, as he looks at himself, he doesn't have much hope because he understands, as this verse will say, he's dead. But God said, "It's going to come to pass," and so when he says, "Hope against hope,". We live in the midst of impossible circumstances, difficult situations. And in the midst of this, we have the true hope that there is future glory that awaits us.

# *Set your footprints right*



Dr. Nissi Zachariah

"I think the most significant work we'll do in our whole life, in our whole world, is done within the four walls of our home."
Stephen Covey

“Children learn more from who you are than from what you teach.”
W.E.B. Dubois

As parents, we are the most impactful beings in our children's lives. We affect their emotions, feelings of security, self-esteem, and perspectives. Often, we tend to fall into the trap of "You do as I say, not as I do," which doesn't work.

Focus on developing yourself into the image of Christ to set the right footprints for our children to follow. This is a daily thing, and let your children see the transformation taking place in you both inside and out. The priorities and the kind of life you lead before them get imprinted in them. How you interact with others, how you deal with stress, what you talk behind and show in front of others, your personal walk with God, your life with devices, the priorities you give –they observe and absorb it all!

Children start to reflect us in the long run. Make sure what they capture is worth showing off. Take responsibility for your own life.

In this world of influencers, work on yourself to be the most influential factor for your children.

Let them see.

You are reading the Bible.
You are praying and having your devotions daily, determined enough that you let nothing affect your appointed time with God.

Hear you praying for them.
Create an atmosphere of scripture and worship at home.

# Serve others as an example. God beyond 'I-me-myself'

# Choose love to discipline them.

Deal with your stress and tensions in a mature way. Remember, little eyes are watching you and picking up the strategies you use to handle them.

# Be a trend-setter and be a role model in the new digital era. Have boundaries with your devices. Avoid using it when they are around.

Several recent research studies show the significant damage parents can do when they’re physically present but distracted and less responsive because they’re on their smartphones.

Dear parents, your calling is high, and parenting is royal. It might seem harder in the current times when things are going beyond our control.
But who knows that you have come to your royal position for such a time as this?” (Esther 4:14).

# *പിന്തുടരുവാൻ പറ്റിയ കാല്പാദങ്ങൾ*



Dr. Nissi Zachariah

നമ്മുടെ ഒരു ആയുസ്സിൽ ചെയ്തെടുക്കാവുന്ന ഏറ്റവും പ്രധാനപെട്ടജോലിനമ്മുടെവീടിന്റെനാല് ചുവരുകൾക്കുള്ളിൽ ചെയ്തെടുക്കുകെന്നതാണ്"-

സ്റ്റീഫൻകോവെയ്

"നിങ്ങൾ എന്ത് പറഞ്ഞു പഠിപ്പിക്കുന്നു എന്നതിനേക്കാൾ കുട്ടികൾ കൂടുതൽ പഠിക്കുന്നത്നിങ്ങളുടെവ്യക്തിത്വത്തിൽ നിന്നുമാണ്"-

ഈ.ബി.ദുബോയ്സ്

കുഞ്ഞുങ്ങളുടെ ജീവിതത്തിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്നത് മാതാപിതാക്കളാണ്. അവരുടെ ചിന്താഗതികളെയും, വൈകാരിക, മാനസിക വളർച്ചയെയുമെല്ലാം നമ്മുടെ രീതികൾ സ്വാധീനം ചെലുത്തുന്നു. പലപ്പോഴും "ഞാൻ ചെയ്യുന്നത് നോക്കേണ്ട, പറയുന്നത് കേട്ടാൽ മതി" എന്നൊരു പ്രവണതയിലേക്ക് നമ്മൾ അകപ്പെട്ടുപോകാറുണ്ട്.

ഈ സാഹചര്യങ്ങളിൽ ക്രിസ്തുവിന്റെ ഭാവം തന്നെ നമ്മളിൽ ഉണ്ടാക്കിയെടുക്കുവാനും, പിന്തുടരുവാൻ ഒരു നല്ല മാതൃക നമ്മുടെ ജീവിതത്തിലൂടെ കാണിച്ചുകൊടുക്കേണ്ട ആവശ്യകത വർദ്ധിക്കുന്നു.

ഇവ നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗം ആയികഴിയുമ്പോൾ നമ്മളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ അവർക്കും പ്രകടമായി തുടങ്ങും. നമ്മൾ മുൻതൂക്കം കൊടുക്കുന്ന കാര്യങ്ങളും ജീവിത ശൈലികളും അവരുടെ ജീവിതത്തിലെ അഭേദ്യമായ ഘടകങ്ങൾ ആയിമാറും.

മറ്റുള്ളവരുമായുള്ള ഇടപാടുകൾ, സമ്മർദ്ദങ്ങളെ കൈകാര്യം ചെയുന്ന രീതികൾ, വ്യക്തിപരമായ ജീവിതം, ആത്മീയ ജീവിതം തുടങ്ങി എല്ലാം തന്നെ അവർ ഒപ്പിയെക്കുന്നു.

മാതൃകയാക്കാൻ പറ്റുന്ന ഒരുപിടി നല്ല ജീവിത മൂല്യങ്ങളെ തന്നെ അവർക്കായി നമുക്ക് കാഴ്ച വെയ്ക്കാം.നമ്മളിൽ ഭരമേല്പിച്ചിരിക്കുന്ന ഈയൊരു വലിയ ഉത്തരവാദിത്തം തിരിച്ചറിഞ്ഞുകൊണ്ട് നമ്മുടെ ജീവിതത്തെ ഗൗരവമായി കൈകാര്യം ചെയ്യാം. സ്വാധീനവലയത്തിന്റെ ഈ കാലഘട്ടത്തിൽ നാം തന്നെ അവരിൽ ഏറ്റവും സ്വാധീനം ചെലുത്തുന്ന, അവരെ പ്രചോദിപ്പിക്കുന്ന വ്യക്തിത്വങ്ങളായിമാറാം.

അവർകാണട്ടെ

*നിങ്ങൾ ബൈബിൾ വായിക്കുകയും ധ്യാനിക്കുകയുംചെയ്യുന്നത്

* മുടങ്ങാതെയുള്ള നിങ്ങളുടെ പ്രാർത്ഥനാജീവിതം.

*അവർക്കു വേണ്ടി കണ്ണുനീരോടെ പ്രാർത്ഥിക്കുന്നത്.

*വീട്ടിൽ സ്വസ്ഥതയും സമാധാനവും ഉള്ള ആത്മീക അന്തരീക്ഷം.

*മറ്റുള്ളവരെകരുതുന്നത്.

*സമ്മർദ്ദങ്ങളെ ആത്മ സംയമനത്തോടെ കൈകാര്യം ചെയ്യുന്നത്

* നിങ്ങളെ തന്നെ അവരുടെ ട്രെൻഡ്സെറ്റർആയിമാറട്ടെ

കൂടാതെ, ഡിജിറ്റൽ യുഗത്തിൽ അവരെ കൈപിടിച്ചു നടത്താൻ നല്ല ഒരു മാതൃക കാട്ടി കൊടുക്കാം.

മാതാപിതാക്കളുടെ അമിതമായ ഫോൺ ഉപയോഗം കുഞ്ഞുങ്ങൾക്ക് വളരെ അധികം ദോഷഫലങ്ങൾ ഉണ്ടാക്കുന്നുവെന്ന് പഠനങ്ങൾ പോലുംതെളിയിച്ചിരിക്കുന്നു.

പ്രിയ മാതാപിതാക്കളെ, "ക്രിസ്ത്യൻ പേരെന്റ്" എന്ന നമ്മുടെ പദവി ഇന്നത്തെ തലമുറയിൽ വളരെ പ്രസക്തിയുള്ളതും രാജകീയമായതും തന്നെയാണ്. അല്പം ക്ലേശകരമായതെങ്കിലും, കുഞ്ഞുങ്ങളെ മാതൃകാപരമായി വളർത്തുവാൻ ഏറ്റവും ബുദ്ധിമുട്ടുള്ള ഒരു കാലഘട്ടത്തിലെ തന്നെ മാതാപിതാക്കൾ ആകുവാൻ ആണ് ദൈവം നമ്മെ കണ്ടിരിക്കുന്നത്. എസ്ഥേറിനോട് ചോദിച്ചതുപോലെ, ഒരുപക്ഷെ നമ്മളോട് തന്നെയൊന്ന് ചോദിക്കാം- "ഇങ്ങനെയുള്ളോരു കാലത്തിന്നായിട്ടല്ലയോ നീ രാജസ്ഥാനത്തു വന്നിരിക്കുന്നതു?"

Blessan Joseph



# നൽ കിരണം

പ്രതീക്ഷയുടെ തിരി നാമ്പിൽ
ഞാൻ ഉണരവേ നീ അല്ലോ
നൽ വെളിച്ചം നൽകി
എൻ അന്ധത നീക്കി
പൊൻ പുലരിയായ് വന്നു.

കിരണങ്ങൾ അറ്റും പോം
എന്നിൽ നീ പ്രതീക്ഷയാം
നൽ കിരണമായ് ഉദിച്ചേ
-ന്നിലെ നിരാശ മാറ്റി
എൻ അരുമയായ് വന്നു.

എൻ ജനനവും ബാല്യ
കൗമാര യൗവന വാർധിക്യവും
ഓരോ നാളും ഓരോ നിമിഷവും
പ്രതീക്ഷകൾ മാത്രമായി
ഒതുങ്ങാതെ ജീവ നാഥാനാം
ദൈവമെൻ കൂടെ ഉണ്ടല്ലോ.



# CHARACTER SKETCH

# ശിംശോൻ

അസാധാരണകാര്യങ്ങൾ സാധാരണകാര്യങ്ങളായി ചെയ്ത വ്യക്തിയായിരുന്നു ശിംശോൻ. ശിംശോൻ എന്നു കേൾക്കുമ്പോൾ ഫെലിസ്ത്യർക്ക് ഭയം മാത്രമല്ല, താൻ എന്താണ് പുതുതായി ചെയ്യാൻ പോകുന്നതെന്ന സംഭ്രമവും ഒരുപക്ഷേ ആകാംക്ഷയും ഉണ്ടായിരുന്നിരിക്കാം.ശിംശോനെ ഇങ്ങനെ അറിയപ്പെടുന്നവനാക്കിയത് തന്നിലുള്ള കഴിവോ ശക്തിയോ അല്ല, മറിച്ചു ദൈവീക പ്രവൃത്തിയായിരുന്നു. ദൈവം നൽകിയ നിർദ്ദേശങ്ങൾക്കു അവന്റെ മാതാപിതാക്കൾ കൊടുത്ത വിലയും പ്രതികരണവുമായിരുന്നു ശിംശോനെ അസാധാരണക്കാരനാക്കി മാറ്റിയത്.

മൂന്ന് കാര്യങ്ങളാണ് ദൈവം മനോഹയ്ക്കും തന്റെ ഭാര്യക്കും നൽകിയത് .

1. ഗർഭം മുതൽ തന്നെ അമ്മ വീഞ്ഞും മദ്യവും കുടിക്കരുത്. അശുദ്ധമായതൊന്നും തൊടരുത്.

🔸ഇതു ജീവിത വിശുദ്ധിയെ കാണിക്കുന്നു. വിശുദ്ധിയില്ലാത്ത വ്യക്തികളെ ദൈവിക കാര്യങ്ങൾക്കായി തെരെഞ്ഞെടുക്കില്ല.

2. ഗർഭം മുതൽ അവൻ ദൈവത്തിനു നാസീറായിരിക്കണം.

🔸ഇതു സമ്പൂർണ്ണ സമർപ്പണത്തെ കാണിക്കുന്നു.
തങ്ങളെത്തന്നെ പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുന്നവരെ ദൈവം ഉപയോഗിക്കും

3. ബാലന്റെ തലയിൽ ക്ഷൗരക്കത്തി തൊടരുത്

🔸വേർപെട്ട ജീവിതത്തെ കാണിക്കുന്നു.. ലോകത്തിന്റെ ജീവിതശൈലികളിൽ നിന്നും വ്യത്യസ്തമായി ജീവിക്കുന്നവരെ ദൈവം ഉപയോഗിക്കാൻ ആഗ്രഹിക്കുന്നു.

മനോഹയുടെയും ഭാര്യയുടെയും ദൈവത്തോടുള്ള മൂന്നു പ്രതികരണങ്ങൾ

1. അവർ ദൈവത്തെ അനുസരിച്ചു.
2. ദൈവത്തിനായി തങ്ങളെത്തന്നെ സമർപ്പിച്ചു
3. ഒരു വിശുദ്ധജീവിതത്തിനായി വേർപെട്ടു



നമ്മുടെ ജീവിതത്തിൽ നിന്നും ഈ മൂന്നു കാര്യങ്ങൾ ദൈവം ആഗ്രഹിക്കുന്നു. ഇതിനായി നാം തയ്യാറായാൽ ശിംശോനെപോലെ അസാധാരണകാര്യങ്ങൾ സാധാരണ കാര്യങ്ങളായി ചെയ്യാൻ ദൈവം നമ്മെയും തെരഞ്ഞെടുക്കും..



# പ്രത്യാശ  എന്ന വിളക്കുമാടം

Alba Boby

പവിഴപുറ്റിലെ മുത്തുച്ചിപ്പി തന്റെ തോടിനുള്ളിൽ തന്നെ പ്രയാസപ്പെടുത്തുന്ന മണൽത്തരിയെ ഓർത്ത് ഒരിക്കലും വ്യാകുലപ്പെട്ടില്ല.  കാരണം, തന്നിലൂടെ ഉണ്ടാകാൻ പോകുന്ന തിളക്കമാർന്ന മുത്തുകളെ ഓർത്തപ്പോൾ തന്റെ നൊമ്പരത്തിലും ഒരു വലിയ പ്രത്യാശ ഒളിച്ചിരിപ്പുണ്ടായിരുന്നു.
പ്രതീക്ഷകളും പ്രത്യാശകളും പലപ്പോഴും ജീവിതപാതയിലെ ദീപശിഖകൾ ആകാറുണ്ട്. പ്രത്യാശ എന്ന കേന്ദ്രത്തോട് ഒത്ത് ചലിക്കുന്ന വിശ്വാസം, നിശ്ചയദാർഢ്യം മുതലായ  ഒത്തിരി ഘടകങ്ങൾ ഉണ്ട്. ഭാവിയിലേക്ക് ദിശ കാണിക്കുന്നതിൽ പ്രത്യാശ വഹിക്കുന്ന പങ്ക് ചെറുതല്ല. അതിലേക്കൊരു എത്തിനോട്ടം ആകട്ടെ നമ്മുടെ ഇന്നത്തെ ചിന്ത!
പ്രതീക്ഷയെയും പ്രത്യാശയെയും ഒരേ തട്ടിൽ അളക്കുന്നവരാണ് നമ്മിൽ ഭൂരിപക്ഷം പേരും. എന്നാൽ നമ്മുടെ ഉത്കണ്ഠകളോടെകൂടിയുള്ള ഒരു കാര്യത്തെക്കുറിച്ചുള്ള നമ്മുടെ കാത്തിരിപ്പിന്  പ്രതീക്ഷ എന്ന് വിളിക്കാം. ഉത്കണ്ഠകൾ ഇല്ലാതെ, ക്ഷമയോടെ, വിശ്വാസത്തോടെ നിശ്ചയദാർഢ്യത്തോടെ കാത്തിരിക്കുന്നതാണ് പ്രത്യാശ. അങ്ങനെയെങ്കിൽ ക്രിസ്തു നമ്മുടെ പ്രതീക്ഷയേക്കാൾ പ്രത്യാശയാണ്. പ്രതീക്ഷകൾ പ്രകടിപ്പിക്കുന്നത് ലോക മനുഷ്യർ ആണെങ്കിൽ, പ്രത്യാശ പ്രതിഫലിപ്പിക്കുന്നത് ദൈവമക്കളാണ്.

## ക്രിസ്തുവെന്ന പ്രത്യാശ

കാൽവറി ക്രൂശിലൂടെ നമ്മുടെ രക്ഷാമാർഗമായ ക്രിസ്തു നമുക്ക് വാഗ്ദാനം ചെയ്തിരിക്കുന്ന നിത്യജീവനായി കാത്തിരിക്കുന്നവരാണ് നാം. നമ്മുടെ വിശ്വാസ ജീവിതത്തിന്റെ നങ്കൂരം തന്നെ ക്രിസ്തുവാണ്. ദൈവിക പ്രവർത്തിയെ പ്രതികൂല അവസ്ഥയിലും കാത്തിരിക്കുന്നത് നമ്മുടെ ഒരു സ്വഭാവം ആണ്. ഇത്തരം അവസരങ്ങളിൽ ഉറച്ച വിശ്വാസത്തോടെ പ്രത്യാശയോടെ ദൈവീക ഹിതത്തിനായി കാത്തിരിക്കുന്നവർ ആയിരിക്കണം നാം.

## പ്രത്യാശ എന്ന വിളക്കുമാടം

കടലിൽ കപ്പലുകളെ നയിക്കുവാൻ രൂപകല്പന ചെയ്തിട്ടുള്ള വിളക്കുമാടങ്ങൾ സ്ഥിതി ചെയ്യുന്നത് തീരപ്രദേശങ്ങളിലോ പാറക്കെട്ടുകളുടെ സമീപത്ത് മറ്റ് അപകടകരമായ പ്രദേശങ്ങളിലോ ആണ്. എന്നാൽ ഇവയാണ് നാവികരെ കൃത്യതയോടെ സുരക്ഷിതമായി മുന്നോട്ടു നയിക്കുവാൻ  സഹായിക്കുന്ന പ്രധാന ഘടകം. പ്രത്യാശ എന്നതും ഇപ്രകാരമാണ്. ജീവിതത്തിന്റെ കൈപ്പേറിയ യാഥാർത്ഥ്യങ്ങളെ തിരിച്ചറിയുവാൻ, ഉൾക്കൊള്ളുവാൻ പ്രത്യാശ നിർഭരമായ ജീവിതം ഉള്ള ഒരുവനെ സാധിക്കൂ. വിശ്വാസം പ്രത്യാശയായി നങ്കൂരമിട്ടിട്ടില്ല എന്നുള്ളതാണ് കഷ്ടത വരുമ്പോൾ പിന്മാറി, പിറുപിറുക്കുന്നവരുടെ ജീവിതത്തിലെ വലിയ പരാജയം. കഷ്ടത സിദ്ധതയെയും,സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിയാനുള്ള ജ്ഞാനം നമുക്കുണ്ടാവണം. വിളക്കുമാടത്തിലെ വെളിച്ചം കാറ്റത്ത് കെട്ടു പോകുന്നതല്ല, മറിച്ച് വലിയ കപ്പലിനെ വരെ നിയന്ത്രണത്തോടെ ഇളകി മറിയുന്ന കടലിലും മുൻപോട്ട് നയിക്കുവാൻ തക്കവണ്ണം പ്രാപ്തിയുള്ളതാണ്.

നിലയില്ലാ കയത്തിൽ മുങ്ങുമ്പോൾ ദൈവിക വിശ്വാസം ഇല്ലാത്ത ഒരാൾ താഴ്ന്നു പോകുവാൻ സാധ്യത ഏറെയാണ്. എന്നാൽ ക്രിസ്തുവിൽ ആയിരിക്കുന്ന ഒരുവന്റെ പ്രത്യാശ  അതിൽ നിന്നും കരകയറുവാൻ അവനെ ശക്തീകരിക്കും. ക്രൂശിന്റെ വചനം ജീവിതത്തിൽ പ്രത്യാശയായി പരിണമിക്കുകയും അത് പ്രതിസന്ധിയെ തരണം ചെയ്ത് മുന്നോട്ട് പോകുവാൻ നമ്മെ സജ്ജീകരിക്കുകയും ചെയ്യും.
വിശ്വാസം പ്രത്യാശയായി പരിണമിക്കുന്ന വേളയിൽ ചില പ്രതികൂല സാഹചര്യങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നേക്കാം. തളരേണ്ട, പിറുപിറുക്കേണ്ട, പിന്നോട്ട് പോകുകയും വേണ്ട ; ക്രിസ്തുവിൽ ഉള്ള വിശ്വാസത്തിൽ നിത്യജീവനിൽ അധികമായി മുറുകെപ്പിടിച്ചാൽ ശക്തനായ ഒരു വിശ്വാസിയായി നമുക്ക് പുറത്തു വരാം. മുത്തുച്ചിപ്പിക്ക് മണൽത്തരി ഒരു അനുഗ്രഹമായതുപോലെ പ്രതിസന്ധി നമ്മെ നല്ലൊരു വിശ്വാസിയാക്കും. ക്രിസ്തു എന്ന പ്രത്യാശയിൽ  ഉറച്ചുനിന്ന്, വിശ്വസിക്കുക മാത്രം ചെയ്തു നമുക്ക് സീയോൻ യാത്ര മുൻപോട്ട് നയിക്കാം. അതിനായി കർത്താവ് നമ്മെ ഒരുക്കട്ടെ!

മാറാനാഥാ!

# പദ പ്രശ്നം 3 QUESTION



## ചോദ്യം

| | | | | | |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 |
| 25 | 26 | 27 | 28 | 29 | 30 |
| 31 | 32 | 33 | 34 | 35 | 36 |

### വലത്തോട്ട്

**1.(1-2)** കരയുന്നവൻ എന്നർത്ഥം വരുന്ന സ്ഥലം

**2.(3)** കനാന്റെ പിതാവ്

**3.(4-6)** ബിംബങ്ങൾ നിറഞ്ഞിരുന്ന സ്ഥലം


**4.(7-8)** ഇതിന്റെ ശാന്തത ജീവവൃക്ഷം

**5.(9-11)** യിസ്സാഖാർ ഗോത്രത്തിന്റെ പ്രഭു

**6.(23-24)** ഹനോക്കിന്റെ പ്രവചനം രേഖപെടുത്തിയ ലേഖനം

**7.(25-26)** ഇതു നമ്മുടെ മദ്ധ്യേസാക്ഷി എന്നു പറഞ്ഞു ആ യാഗപീഠത്തിനു ഇങ്ങനെ പേരിട്ടു.

**8.(31-34)** "യഹോവ നീതി ഉള്ളവൻ ഞാനും എന്റെ ജനവും ദുഷ്ടന്മാർ യഹോവയോടു പ്രാർത്ഥിപ്പിൻ"



### താഴോട്ട്

**9.(4-34)** സാത്താന്റെ മറ്റൊരു പേര്.

**10.(6-18)** ഇതു മറയില്ലാതെയിരിക്കുന്നു.

**11.(7-19)** പുരോഹിതന്റെ പുത്രനായ ഇവൻ അന്യജാതിക്കാരത്തിയെ വിവാഹം കഴിച്ചു.

**12.(14-26)** വീരനായ ഇടങ്കൈയ്യൻ.

**13.(15-27)** 'ഞാൻ നശിക്കുന്നു എങ്കിൽ നശിക്കട്ടെ' ആര്?

**14.(23-35)** കിന്നരവും വേണുവും പ്രയോഗിക്കുന്നവരുടെ പിതാവ്.

**15.(24-36)** 'വെള്ളച്ചാട്ടം പോലെ ദൈവം എന്റെ ശത്രുക്കളെ എന്റെ കൈയാൽ തകർത്തുകളഞ്ഞു.' പറഞ്ഞതാര്?

# പദ പ്രശ്നം 2 ANSWER

| | | | | | |
|---|---|---|---|---|---|
| ദാ 1 | വീ 2 | ദ് 3 | അ 4 | അ 5 | ക 6 |
| ൻ 7 | നോ 8 | ഹ 9 | ബ് 10 | ഗ് 11 | ഷ് 12 |
| ഉ 13 | ലോ 14 | ത്ത് 15 | നേ 16 | നി 17 | ട്ട 18 |
| ല് 19 | ആ 20 | ശേ 21 | ർ 22 | മ്രോ 23 | ത 24 |
| പ 25 | ഹാ 26 | ത്ത് 27 | 28 | ദ് 29 | ശൗ 30 |
| ത്തി 31 | ബ് 32 | പൗ 33 | ലൊ 34 | സ് 35 | ൽ 36 |

## വലത്തോട്ട്

1.(1-3) ദാവീദ്
2.(8-9) നോഹ
3.(14-15) ലോത്ത്
4.(20-22) ആശേർ
5.(33-35) പൗലൊസ്

## താഴോട്ട്

6.(1-7) ദാൻ
7.(4-22) അബ്നേർ
8.(5-17) അഗ്-നി
9.(6-24) കഷ്ട്ടത
10.(17-29) നിമ്രോദ്
11.(13-31) ഉല്-പത്തി
12.(20-32) ആഹാബ്
13.(21-27) ശേത്ത്
14.(30-36) ശൗൽ

## സ്നേഹം

**സ്നേഹം....... നാം എപ്പോഴും കേൾക്കുന്ന ഒരു വാക്കാണിത്. പറയാൻ എളുപ്പവും പ്രകടിപ്പിക്കാൻ പ്രയാസവുമുള്ള ഒരു വികാരം... ഭാഷകൾക്കും ദേശങ്ങൾക്കും വൈകല്യങ്ങൾക്കു പോലും അതീതമായതാണ് സ്നേഹം. സ്നേഹത്തോട് കൂടിയ ഒരു ചിരി, ഒരു നോട്ടം, ഒരു വാക്ക്.... അത് മതി വേദനിക്കുന്ന ഒരാൾക്ക് ആശ്വാസം നൽകാൻ... ഹൃദയം തുറന്നു , ഹൃദയത്തിന്റെ ആഴത്തിൽ നിന്നും നമുക്ക് സ്നേഹിക്കാം. സ്നേഹം നമ്മിൽ നിന്നും ഒഴുകുമ്പോൾ സകലതും മറക്കാനും ക്ഷമിക്കാനും കഴിയും.എങ്കിൽ സ്നേഹം ഒന്ന് പ്രകടിപ്പിക്കാൻ തുടങ്ങിയാലോ......ദൈവം സ്നേഹം തന്നെ.**



*Sherin Santhosh*

SEND YOUR PRAYER REQUESTS


+91 70322 52405

+91 70322 52405

WRITE YOUR COMMENTS & SUGGESTIONS.

bbijujacob2@gmail.com

metrocogcochin



WE ARE HERE TO HELP YOU AT ANY TIME.
SO CALL OR WHATSAPP US.

## Thank You